പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1169 29/9/2011-ൽ മറുപടിക്ക്

## വിജ്ഞാൻവാടി പദ്ധതി.

ചോദ്യം

ശ്രീ. ആർ രാജേഷ്

മറുപടി

ശ്രീ.എ.പി അനിൽകുമാർ

(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | 'വിജ്ഞാൻവാടി' പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | സർക്കാരിൻെറ 100 ദിവസത്തെ കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിൽ ഒന്നു വീതം പട്ടികജാതി കോളനികൾ തെരഞ്ഞെടുത്ത് അവിടെ ഇൻറർനെറ്റ് സംവിധാനത്തോടെയുള്ള കമ്പ്യൂട്ടറും, ലൈബ്രറിയും,റീഡിംഗ് റൂമും ഉൾപ്പെടെയുള്ള വിജ്ഞാൻ വാടി സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യഘട്ടമായി നിലവിൽ കമ്മ്യൂണിറ്റി ഹാൾ/സാംസ്കാരിക നിലയം ഉള്ളതും വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതുമായ 70 പട്ടികജാതി കോളനികളിൽ പദ്ധതി നടപ്പാക്കുന്നുണ്ട്. ഇൻറർനെറ്റ് കണക്ഷനോടു കൂടിയ കമ്പ്യൂട്ടർ സംവിധാനവും വിജ്ഞാ |

| | | | |
|---|---|---|---|
| | | | നപ്രദമായ പുസ്തകങ്ങൾ, ദിനപത്രങ്ങൾ (ഇംഗ്ലീഷ്,മലയാളം-1) ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലൈബ്രറിരീഡിംഗ് റൂം എന്നിവ ടി പദ്ധതി മുഖേന സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | എല്ലാ പഞ്ചായത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ